# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 6850 02/11/2011 - ൽ മറുപടിക്ക്

### ശ്രീമതി. ദീനാമ്മ എ. ചെറിയിക്കൽ നൽകിയ അപേക്ഷ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ : | | ശ്രീ. പി.കെ.അബ്ദുറബ്ബ്. (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ശ്രീമതി. ദീനാമ്മ എ. ചെറിയിക്കൽ ആലപ്പുഴ പുന്നപ്രയിലുള്ള അറവുകാട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ എന്നു മുതലാണ് പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചിട്ടുള്ളത്; | (എ), (ബി), (സി), (ഡി), (എഫ്), & (ജി) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) ശ്രീമതി. ദീനാമ്മ എ. ചെറിയിക്കൽ പ്രസ്തുത സ്കൂളിൽ പ്രിൻസിപ്പലായി ചാർജ്ജ് എടുക്കുന്നത് മുൻപായി അവിടെ അനധികൃത ബാച്ചുകളിൽ വിദ്യാർത്ഥികൾ പഠിച്ചിരുന്നോ; | | |
| (സി) എങ്കിൽ ഇത്തരം ബാച്ചിലെ കുട്ടികൾ എന്നാണ് അവിടെ അഡ്മിഷൻ എടുത്തിട്ടുള്ളത്; ഏതെല്ലാം ബാച്ചിലെ കുട്ടികളാണ് ഇങ്ങനെ അഡ്മിഷൻ നേടിയിട്ടുള്ളത് എന്നറിയിക്കാമോ; | | |
| (ഡി) ഈ ബാച്ചിലെ കുട്ടികൾ അഡ്മിഷൻ നേടിയ സമയത്ത് സ്കൂളിലെ അഡ്മിഷന്റെ ചാർജ്ജുള്ള അധികാരികൾ ആരായിരുന്നു; | | |
| (ഇ) ഇങ്ങനെ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ട വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ അഡ്മിഷൻ നേടിയ കുട്ടികൾക്കാണ് ഈ | | |

ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുള്ളത്; വിശദാംശം നല്കാമോ;

(എഫ്) ശ്രീമതി. ദീനാമ്മ എ. ചെറിയിക്കൽ പ്രിൻസിപ്പലായി ചാർജ്ജ് എടുക്കുന്നതിന് മുൻപ് അഡ്മിഷനായ അനധികൃത ബാച്ചിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്തതിന്റെ പേരിൽ ടിയാളിൽ നിന്നും ഈ തുക ഈടാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഇതു സംബന്ധിച്ച് ശ്രീമതി. ദീനാമ്മ എ. ചെറിയിക്കൽ സർക്കാരിന് സമർപ്പിച്ച അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ?

സെക്ഷൻ ഓഫീസർ.